'117098/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/1074/2023-ICDSA5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 23-09-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്,ഡയറക്ടറേറ്റ്- അങ്കണവാടി വർക്കർമാർക്കുള്ള Early Detection of Disability Training- പ്രാരംഭനടപടികൾ സ്വീകരിക്കുന്നത് -സംബന്ധിച്ച്:-

സൂചന:- 1. 02-08-2023 ലെ വനിത ശിശു വികസന ഡയറക്ടറുടെ DWCD/ 1074/2022-ICDS A5 നം പ്രൊപ്പോസൽ

തിരുവനന്തപുരം Child Development Center മുഖേന സംസ്ഥാനത്തെ ശിശു വികസന പദ്ധതി ഓഫീസർമാർ, ICDS supervisors എന്നിവരെ മാസ്റ്റർ ട്രെയിനർമാരാക്കിയുള്ള Early Detection of Disability സംബന്ധിച്ച് രണ്ടു ദിവസത്തെ പരിശീലനം 2022-23 സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുണ്ട് . പ്രസ്തുത സാഹചര്യത്തിൽ പരിശീലനം ലഭിച്ച CDPO / Supervisor മാരെ ഉപയോഗിച്ച് സംസ്ഥാനത്തെ 33115 അങ്കണവാടി വർക്കർ മാർക്ക് Early Detection of Disability യിൽ ഒരു ഏകദിന പരിശീലനം സംഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സൂചന പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ തയ്യാറാക്കിയ, മാസ്റ്റർ ട്രെയിനർ മാർക്ക് ട്രെയിനിംഗ് നൽകുന്നതിനായി ഉപയോഗിച്ചിട്ടുള്ള ചുവടെ പറയുന്ന വിഷയങ്ങൾ സംബന്ധിച്ച PPT കൾ ( Table 1 & 2 ) പ്രസ്തുത പരിശീലനം നൽകുന്നതിനായി പ്രയോജനപ്പെടുത്തേണ്ടതാണ്.

സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് അംഗീകാരം കിട്ടുന്ന മുറയ്ക്ക് Table 2 ൽ സൂചിപ്പിച്ച വിഷയങ്ങളിൽ ഒരു ഏകദിന പരിശീലനം സംഘടിപ്പിക്കുന്നതാണ്.

| Table 1 | Table 2 |
|---|---|
| 1 വളർച്ചാനിരീക്ഷണം | 6. വികാസ വ്യതിയാനങ്ങൾ |
| 2. പോഷകാഹാര പ്രശ്നങ്ങൾ നേരത്തെ കുട്ടി എങ്ങനെ പരിഹരിക്കാം | 7. നാഡീസംബന്ധമായ രോഗങ്ങള് |
| 3. പ്രതിരോധകുത്തിവെയ്പ്പുകൾ | 8. TDSC chart 0-3, 3-6 |
| 4. കുട്ടികളിലെ വളർച്ചാ മുരടിപ്പ് | 9. TDSC intervention 0-3 |
| 5 തൂക്കം കുറഞ്ഞ കുഞ്ഞുങ്ങൾക്കുള്ള Early Stimulation Programme | 10. TDSC intervention 3-6 |

Table 1 ൽ സൂചിപ്പിച്ച വിഷയങ്ങൾ നിലവിൽ ICDS ൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങളായതിനാൽ ആയത് വരുന്ന സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ സെക്ടർ മീറ്റിംഗുകളിൽ സിഡിപിഒ/ സൂപ്പർവൈസർമാർ മുഖേന അങ്കണവാടി വർക്കർമാർക്ക് refresher training ആയി നൽകേണ്ടതാണ്. പ്രസ്തുത PPTകൾ അങ്കണവാടി

വർക്കർമാർക്ക് ഷെയർ ചെയ്ത് നൽകേണ്ടതുമാണ്.

Child Development Center മുഖേന ഉള്ള പരിശീലനം ലഭിക്കാത്ത supervisorമാർ ഉണ്ടെങ്കിൽ അവർക്ക് അതേ ICDS ലെ മാസ്റ്റർ ട്രെയിനർ മാരെ ഉപയോഗിച്ച് പരിശീലനം നൽകുന്നതിനു CDPO മാർ നടപടികൾ സ്വീകരിക്കേണ്ടതും പ്രോഗ്രാം ഓഫീസർമാർ ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകേണ്ടതുമാണ്.

പരിശീലനത്തിൽ ഉൾപ്പെട്ട എല്ലാപേരും കൃത്യമായി പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ടെന്ന് അതാത് പ്രോഗ്രാം ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതും ആയതിന്റെ റിപ്പോർട്ട് സിഡിപിഒ മാർ മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അയച്ചുതരേണ്ടതുമാണ് .

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ